(സി) ഇക്കാര്യത്തിൽ ബോധവത്ക്കരണത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള സാമൂഹ്യപ്രവർത്തകരിൽനിന്നും വിവരശേഖരണം നടത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ആദിവാസികൾക്കിടയിൽ മദ്യപാനാസക്തി നിലവിലുണ്ടെങ്കിലും ആയത് വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അമിത മദ്യപാനംമൂലം ആദിവാസികൾക്കിടയിലുള്ള മരണങ്ങൾ സാധാരണ സംഭവമായി മാറുന്നു എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) ആദിവാസി കോളനികളിൽ ടൈബൽ വകുപ്പും, ആരോഗ്യ വകുപ്പും, പോലീസ്, എക്സൈസ്, ഫോറസ്റ്റ് വകുപ്പും സംയുക്തമായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ എസ്.ടി. പ്രൊമോട്ടർമാർ എന്നിവർ മുഖേനയും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇവരിൽനിന്നും ആവശ്യമായ വിവരശേഖരണം നടത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ കടബാദ്ധ്യത

29 (*59) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. കെ. ഗുരുദാസൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഈ സർക്കാരിന്റെ കാലത്ത് അതിഭീമമായ തോതിൽ വർദ്ധിച്ചതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാല് വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ബഹുഭൂരിപക്ഷവും നടപ്പിലാക്കാത്തപ്പോഴും കടബാദ്ധ്യത ഏറിയതിന്റെ കാരണം വിശദമാക്കാമോ ;

(സി) വിഭവ സമാഹരണം ഫലപ്രദമായി നടപ്പാക്കേണ്ട മേഖലകളിലെ അഴിമതി, ഔദാര്യങ്ങൾ എന്നിവ കാരണം സമ്പദ്‌വ്യവസ്ഥക്ക് കോട്ടം സംഭവിക്കുന്നുവെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ചുള്ള 2011-ലെ കേരള ധന ഉത്തരവാദിത്വ (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള കടബാദ്ധ്യത ജി.എസ്.ഡി.പി.യുടെ അനുപാത ലക്ഷ്യങ്ങളും നേട്ടങ്ങളും ചുവടെ ചേർക്കുന്നു :

(ശതമാനത്തിൽ)

	2011-12		2012-13		2013-14		2014-15*	
	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം
കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ അടിസ്ഥാനത്തിൽ	32.3	29.04	31.7	29.64	30.7	27.66	29.8	26.91

(*മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നം കറിക്ക് എസ്റ്റിമേറ്റ് അടിസ്ഥാനത്തിലും കടബാദ്ധ്യത അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരവും)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കൽ 12,010 കോടി രൂപയും 2012-13-ൽ 14,010 കോടി രൂപയും 2013-14-ൽ 17,000 കോടി രൂപയും 2014-15-ൽ 20,000 കോടി രൂപയുമാണ്. പദ്ധതി അടങ്കലിലെ വർദ്ധനവിനാനുപാതികമായി കടത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എങ്കിലും ഈ കാലയളവിൽ കടബാദ്ധ്യത 2011-ലെ ധന ഉത്തരവാദിത്വ (ഭേദഗതി) നിയമം അനുശാസിക്കുന്ന ലക്ഷ്യത്തിനുള്ളിൽ നിലനിർത്തുവാൻ സാധിച്ചിട്ടുണ്ട്.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തിന്റെ കടബാധ്യത അതിഭീമമായ തോതിൽ വർദ്ധിച്ചുവെന്ന് കണക്കാക്കുവാൻ കഴിയുകയില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിഭവ സമാഹരണം നടപ്പാക്കേണ്ട മേഖലകളിലെ അഴിമതി ഔദാര്യങ്ങൾ എന്നിവ കാരണം സമ്പദ്‌വ്യവസ്ഥയ്ക്ക് കോട്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

കഴിഞ്ഞ നാല് വർഷത്തെ ബഡ്ജറ്റുകളിൽ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ

30 (*60) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷത്തെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ സാധിക്കാത്തവയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കാത്തതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്രയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് തുടർ പ്രവർത്തികൾ ചെയ്യേണ്ടുന്നതിൽ വീഴ്ച വരുന്നതിന്റെ പ്രധാന കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കിയതിന്റെ നിജസ്ഥിതി സി & എ. ജി. വിലയിരുത്തുകയുണ്ടായിട്ടുണ്ടോ ; ഇതേക്കുറിച്ചുള്ള ധനകാര്യവകുപ്പിന്റെ നിലപാട് വിശദമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് പൊതുവായ അവലോകനം നടത്താറുണ്ട്. പ്രഖ്യാപിച്ച പദ്ധതികളിൽ ചിലതൊക്കെ സാങ്കേതികവും ഭരണപരവുമായ കാരണങ്ങളാൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്.

875/17

LIBRARY ARCHIVES Kerala Legislative Assembly